(ബി) 1996-ൽ എസ്.സി.ഇ.ആർ.ടി. അയച്ചുതന്ന പ്രൊപ്പോസൽ അക്കൗണ്ടന്റ് ജനറലിന് പരിശോധനയ്ക്ക് അയച്ചുകൊടുത്തിരുന്നു. ആയത് തിരികെ ലഭിക്കാതിരുന്നതിനാൽ പുതിയ പ്രൊപ്പോസൽ എസ്.സി.ഇ.ആർ.ടി.-യിൽ നിന്നും വാങ്ങി അത് പരിശോധിച്ച് വരുന്നു.

(സി) നടപടി സ്വീകരിച്ചു വരുന്നു.

(ഡി) നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നതനുസരിച്ച് നിലവിൽ വരുന്നതാണ്.

ശ്രീനാരായണ ഗുരുദേവന്റെ ജീവതവും സന്ദേശങ്ങളും പാഠപുസ്തകങ്ങളിൽ ചേർക്കാൻ നടപടി

92 (3651) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. ടി. തോമസ് :
പ്രൊഫ: എ. ഡി. മുസ്തഫ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീനാരായണഗുരുദേവന്റെ ജീവിതവും സന്ദേശങ്ങളും സംബന്ധിച്ച കാര്യങ്ങൾ സംസ്ഥാനത്തെ പാഠപുസ്തകങ്ങളിൽ ചേർത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പാഠപുസ്തകങ്ങളിൽ ; ഇല്ലാത്തപക്ഷം ഇക്കാര്യം പാഠപുസ്തകങ്ങളിൽ ചേർക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. 5-ാം തരത്തിലുള്ള സാമൂഹ്യശാസ്ത്രത്തിൽ "സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾ" എന്ന ഭാഗത്ത് ഗുരുദേവന്റെ സന്ദേശങ്ങളെ സംബന്ധിച്ച വിവരം ചേർത്തിട്ടുണ്ട്.

2. 8-ാം തരത്തിലെ സാമൂഹ്യശാസ്ത്രത്തിൽ "കേരള സംസ്കാരത്തിന്റെ ഇന്നലെകൾ" എന്ന പാഠഭാഗത്ത് ഗുരുദേവന്റെ ദർശനങ്ങളെപ്പറ്റി വിശദമാക്കുന്നുണ്ട്. 9-ാം തരത്തിലെ മലയാള പാഠപുസ്തകത്തിൽ "ഒരു ജാതി ഒരു മതം" എന്ന പേരിൽ ഗുരുദേവന്റെ ദർശനങ്ങൾ ചർച്ച ചെയ്യുന്ന പാഠം ഉൾപ്പെടുത്തിയിട്ടുണ്ട്. 10-ാം തരത്തിലെ സാമൂഹ്യശാസ്ത്രത്തിൽ 8-ാം അദ്ധ്യായത്തിൽ ഗുരുദേവന്റെ തത്വങ്ങളെക്കുറിച്ചും ശ്രീനാരായണ ധർമ്മപരിപാലന യോഗത്തെപ്പറ്റിയും വിശദമായി പരാമർശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly